കശുവണ്ടി തൊഴിലാളി സമരം

* 82. [84] ശ്രീ. ടി. കെ. ആറുമുഖൻ :
,, ടി. കെ. ഹംസ :
,, സി. കെ. തങ്കപ്പൻ :
,, കാനം രാജേന്ദ്രൻ :
,, കെ. ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾ അടുത്തകാലത്തു നടത്തിയ നിരാഹാര സത്യാഗ്രഹമുൾപ്പെടെയുള്ള സമരം എന്തിനുവേണ്ടി ആയിരുന്നു ;

(ബി) സമരം ഒത്തുതീർപ്പിലെത്തിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) ഇതുസംബന്ധിച്ച് കോടതിവിധി വല്ലതുമുണ്ടായിട്ടുണ്ടോ ;

(ഡി) നിയമപരമായ അവകാശങ്ങൾ തൊഴിലാളികൾക്കു നിഷേധിച്ച കശുവണ്ടി മുതലാളികളിൽ ആരുടെയെങ്കിലും പേരിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) കൊല്ലം മേഖലയിലെ കശുവണ്ടി ഫാക്ടറികളിൽ ഹൈക്കോടതി വിധി അനുസരിച്ചുള്ള മിനിമം വേജസ് പൂർണ്ണമായും ഫാക്ടറി ഉടമകൾ കൊടുത്തുതീർത്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ജി) കശുവണ്ടി തൊഴിലാളികളുടെ സമരം തീർന്നതിനുശേഷവും വർദ്ധിപ്പിച്ച ഡി. എ. ചില മുതലാളിമാർ നൽകിയിട്ടില്ലെന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എച്ച്) വർദ്ധിപ്പിച്ച ഡി. എ. ഇനിയും നൽകാത്ത കശുവണ്ടി മുതലാളിമാർ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ഐ) വർദ്ധിപ്പിച്ച ഡി. എ. നൽകാൻ മുതലാളിമാർക്ക് നിർദ്ദേശം നൽകുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) പൂർണ്ണമായ ഡി. എ. നടപ്പിലാക്കണമെന്ന ആവശ്യം മുൻനിർത്തി ആയിരുന്നു.

(ബി) സമരം ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടി ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 4-7-1986, 6-7-1986 17-7-1986, 18-8-1986 എന്നീ തീയതികളിൽ വിവിധ തൊഴിലാളി സംഘടനകളുമായി അനുരഞ്ജന സമ്മേളനം ചേരുകയുണ്ടായി.

(സി) ഉണ്ട്.

(ഡി) വിവിധ തൊഴിൽ നിയമങ്ങൾ ലംഘിച്ചതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) അങ്ങനെയൊരു ഹൈക്കോടതി വിധി ഉള്ളതായി സർക്കാരിനറിവില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ഡി. എ. വർദ്ധിപ്പിച്ചിട്ടില്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

(ഐ) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly